# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2580 18.08.2017 ൽ മറുപടിക്ക്**

**'മാതൃക റോഡ്'-സുരക്ഷാ റോഡ്' പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.വി.ഡി.സതീശൻ** | **ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് 'മാതൃക റോഡ്-സുരക്ഷാ റോഡ്' പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ലോകബാങ്കിന്റെ ധനസഹായത്തോടു കൂടി നടപ്പിലാക്കുന്ന കെ എസ് റ്റി പി രണ്ട് പദ്ധതിയിൽ ഉൾപ്പെട്ട റോഡ് സുരക്ഷാ നിർവ്വഹണത്തിന്റെ ഭാഗമായി മാതൃക റോഡ്-സുരക്ഷാ റോഡ് പദ്ധതി 2016 ഡിസംബറിൽ ആരംഭിച്ചു. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലാവധി 2018 ഏപ്രിൽ ആണ്. റോഡിന്റെ ഉപരിതലം പുതുക്കൽ ഉൾപ്പെട്ട റോഡ് സുരക്ഷയ്ക്ക് ഊന്നൽ നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യപടിയായി കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള 80 കി മീ റോഡ് ഈ പദ്ധതി പ്രകാരം വികസിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | ബി) റോഡിന്റെ വികസനത്തിനും സുരക്ഷയ്ക്കും ഊന്നൽ നൽകികൊണ്ട് ഏറ്റവും കാര്യക്ഷമമായ രീതിയിൽ മാതൃക സുരക്ഷാ പാതയായി വികസിപ്പിക്കുകയാണ് പ്രധാന ലക്ഷ്യം. റോഡ് സുരക്ഷയുടെ ഭാഗമായി റോഡിന്റെ അടിസ്ഥാന വികസനം, അപകടരഹിതമായ പാത ഒരുക്കലിന്റെ ഭാഗമായുള്ള സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കാനായി ഇരുചക്രവാഹനങ്ങൾ, കാൽനടക്കാർ, സൈക്കിൾ സവാരികൾ എന്നിവരുടെ ബോധവൽകരണം, നിർവ്വഹണ ഏജൻസികളുടെ മോഡേണൈസേഷൻ, ആരോഗ്യ പരിപാലനം, സാമൂഹിക ബോധവൽക്കരണം എന്നിവയാണ് മറ്റ് ഉദ്ദേശലക്ഷ്യങ്ങൾ. |

| | | | |
|---|---|---|---|
| സി) | പദ്ധതിയനുസരിച്ച് റോഡുകളിൽ എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | സി) | ഈ പദ്ധതിയിൽ ഉൾപ്പെടുന്ന കഴക്കൂട്ടം - അടൂർ റോഡിൽ 65 കി മീ ദൂരം ഉപരിതലം പുതുക്കൽ, പ്രധാന ജംഗ്ഷനുകളുടെ വികസനം, ചടയമംഗലം പാലത്തിന്റെ വീതികൂട്ടൽ, റോഡ് സുരക്ഷാക്രമീകരണങ്ങളായ റോഡ് മാർക്കിംഗ്, ദിശാ സൂചനാ ബോർഡുകൾ, വേഗത നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ നടപ്പാതകൾ, കൈവരികൾ, മീഡിയനുകൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പുമായി സഹകരിച്ച് അപകടത്തിൽപ്പെടുന്നവരെ ചികിത്സിക്കുന്നതിനായി ട്രോമാ കെയർ സെന്ററുകളും വിഭാവനം ചെയ്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാം തന്നെ അന്തർദേശീയ നിലവാരമുള്ള രീതിയിലായിരിക്കും നടപ്പിലാക്കുക. |
| ഡി) | സംസ്ഥാനത്തെ കൂടുതൽ റോഡുകളിൽ പദ്ധതി വ്യാപിപ്പിക്കുമോ; വിശദമാക്കുമോ? | ഡി) | മാതൃക സുരക്ഷാ പാത നടപ്പാക്കുന്നതിൽ നിന്നും പഠിച്ച പാഠങ്ങൾ തിരഞ്ഞെടുത്ത മറ്റ് 10 റോഡുകളിൽ കൂടി നടപ്പാക്കുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ സഹായിക്കുന്നതിനുള്ള പരിപാടിയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആസൂത്രണത്തിൽ റോഡ് സുരക്ഷാ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പിന്റെ റോഡ് സുരക്ഷാ സെല്ലും ജില്ല റോഡ് സുരക്ഷാ കൗൺസിലുകളെ സഹായിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

S. Binish

സെക്ഷൻ ഓഫീസർ